# MASTER PLAN

AUPS

MALAMAKKAVU

# 2025-26

വിദ്യാലയ മികവുകൾ

സ്കൂൾ വാഹനങ്ങൾ
ഹരിതവിദ്യാലയം
ഹരിത സേന
സ്കൂൾ ലൈബ്രറി
സഞ്ചയിക - ലഘു സമ്പാദ്യ പദ്ധതി
കംപ്യൂട്ടർ പഠനം
കുടിവെള്ള സൗകര്യം
നക്ഷത്ര വനം
വിഷയാടിസ്ഥാനത്തിലുള്ള ക്ലബ്ബുകൾ
എല്ലാ ക്ലാസ്സ് മുറികളിലും ഫാനും ലൈറ്റും
മേൽക്കൂരയുള്ള അസംബ്ലി ഹാൾ
കരാട്ടേ പരിശീലനം
സ്മാർട്ട് റൂം
സയൻസ് ലാബ്.
ഇംഗ്ലീഷ്, മലയാളം ദിനപത്രങ്ങൾ

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

### അക്കാദമികം

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യ പദ്ധതിയുടെ അഭാവം.
- പത്ത് ശതമാനം കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
- ശരിയായ കായിക ക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
- ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീവിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
- ഓരോ കുട്ടിയുടേയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
- പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
- ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല.
- കുട്ടികൾക്കാവശ്യമായ ഗൈഡ് ലൈൻസ്/കൗൺസിലിംഗ് നല്കാനാവശ്യമായ ശാസ്ത്രീയമായ മാർഗ്ഗങ്ങളുടെ അഭാവം.
- വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
- കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധ-പ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹ-ചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്ത-ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിന് അദ്ധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നല്കുക.
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക
- മുഴുവൻ ക്ലാസ്സുകളിലും ഐ.സി.ടി. സാദ്ധ്യത ഉറപ്പാക്കുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അദ്ധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്നരീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി.

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | U.P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | × അക്ഷരം എഴുത്ത്.<br>× ചിഹ്നം ഉറപ്പിക്കൽ.<br>× അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>× ക്ലാസ്സിൽ അക്ഷരമാല പ്രദർശനം.<br>× വാക്കുകളുടെ നിർമ്മാണം<br>× വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ. | അക്ഷര ചാർട്ട്<br>പാഠ പുസ്തകം | BRC<br>DIET<br>Resourse Teacher |
| 2. | വീട് ഒരു പരീക്ഷണശാല. (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | × വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>× ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ മുതൽ ഒക്ടോബർ വരെ. | ഹിന്ദി നിഘണ്ടു. | P.T.A<br>Resource Teacher. |
| 3. | ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | × ഹിന്ദി അസംബ്ലി.<br>× ദിനാചരണങ്ങൾ<br>July-31- Sep-14, Jan-10<br>× ക്ലാസ്സ് ലൈബ്രറി.<br>× അധിക വായന സാമഗ്രികൾ<br>× കഥ പൂർത്തിയാക്കൽ<br>× വായന മൂല. | നവംബർ മുതൽ ഫെബ്രുവരി വരെ. | പുസ്തകങ്ങൾ | BRC<br>P.T.A<br>DIET |

# വിദ്യാലയം - അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ.യു.പി.എസ്. മലമക്കാവ് |
| സ്ഥാപിതം | : | 1949 |
| പഞ്ചായത്ത് | : | ആനക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | തൃത്താല |
| ജില്ല പഞ്ചായത്ത് | : | പാലക്കാട് |
| ബി. ആർ. സി | : | തൃത്താല |
| ഉപജില്ല | : | തൃത്താല |
| വിദ്യാഭ്യാസ ജില്ല | : | ഒറ്റപ്പാലം |
| ജില്ല | : | പാലക്കാട് |
| പ്രധാന അദ്ധ്യാപകൻ | : | എം. സി. മനോജ് |
| മൊബൈൽ നമ്പർ | : | 97458 11236 |
| E-മെയിൽ | : | 2253235upmal@gmail.com |
| സ്കൂൾ കോഡ് നമ്പർ | : | 20556 |
| സ്കൂൾ മാനേജർ | : | ശ്രീമതി മാലിനിവാരസ്യാർ. |

- To enrich and enhance the language proficiency of the learner
- To support and motivate the low proficient learners by scaffolding.
- To make the learning process enjoyable by group level competitions and peer group learning.

Target Students : All students.

Status Study and Pre-Planning

- Pre-Test ( Grouping. Selecting Little Mentors based on best performance in pre-test)

Continuous Evaluation & Scoring

All textual activities will be evaluated and scored, according to their performance.

Time Duration : June to February.

Academic Master Plan - Basic Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>കണ്ടറിയാനൊരു യാത്ര</u><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ തിരഞ്ഞെടുത്ത്, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ, ചോല സന്ദർശനം, പുഴ നടത്തം, കാർഷിക ഗവേഷണ കേന്ദ്ര സന്ദർശനം. | ജൂലൈ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് ഹരിത ക്ലബ് | സയൻസ് ക്ലബ് |
| | <u>പരീക്ഷണങ്ങൾ</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | രക്ഷിതാക്കൾ |
| • ശാസ്ത്ര ചിന്താശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ [illegible] | | | | |

| | | | | |
|---|---|---|---|---|
| | **ശാസ്ത്ര ലൈബ്രറി**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| • ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടുപിടുത്തങ്ങൾ ശാസ്ത്രലോകത്തെ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| • പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോന്മുഖത വർധിപ്പിക്കൽ | വ്യത്യസ്ത പ്രൊജക്ടുകൾ അവതരിപ്പിക്കൽ, LED ബൾബു നിർമ്മാണം, വാനനിരീക്ഷണം, ഇലക്ട്രോണിക്സ്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സ്പോൺസർഷിപ്പ് PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | • ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | • പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| | • പെയിൻ ആന്റ് പാലിയേറ്റീവ്, വൃദ്ധസദനം എന്നിവ സന്ദർശിക്കാനും അവരോടൊപ്പം ചിലവിടാനും അവസരം ഒരുക്കുന്നു. | ഒക്ടോബർ | |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാക്കുന്നു. | • സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

ലാമ്പുകൾ സജ്ജമാക്കുക.

- ലഘു പഠന യാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രശ്നോത്തരികൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽനിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- കുട്ടികളുടെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനാവ-

ഭൗതികം

ഭൗതികശാസ്ത്രമായ ഘടന
ക്ലാസ്സ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
കലാ കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നല്കാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

സാമൂഹികം

ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അദ്ധ്യാപക സംഘടന, എസ്. എം. സി, പി. ടി. എ, എസ്. എസ്. ജി., എന്നിവയുടെ സാദ്ധ്യതകൾ ഭാഗികമായേ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുള്ളൂ.
- പ്രാദേശിക വിഭവ പടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
- കലാ-കായിക, പ്രവൃത്തിപരിചയ, സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## തനതു പ്രവർത്തനം.

വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിൽ അദ്ധ്യാപകർക്കെന്ന പോലെ രക്ഷിതാക്കൾക്കും ഒരു വലിയ പങ്ക് വഹിക്കാനുണ്ട്. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി രക്ഷിതാക്കളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ആശയം ഉരുത്തിരിഞ്ഞത്. അതിനായി ഞങ്ങൾ തെരഞ്ഞെടുക്കുന്നത് രക്ഷിതാക്കൾക്കുവേണ്ടി മലയാളം, ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിലുള്ള ശില്പശാലകളാണ്. വിദ്യാഭ്യാസ പരമായും സാമ്പത്തിക- ഭൗതിക സാഹചര്യപരമായും തൊഴിൽ പരമായും പല നിലവാരങ്ങളിൽ നില്ക്കുന്ന എല്ലാ രക്ഷിതാക്കൾക്കും ഉതകും വിധമാണ് ശില്പശാലകളുടെ സംഘാടനം.

ബുദ്ധിപരമായും സാംസ്കാരികമായും സാമ്പത്തിക- ഭൗതിക- തൊഴിൽ സാഹചര്യങ്ങളിലും വ്യത്യസ്തത പുലർത്തുന്ന രക്ഷിതാക്കളെ വ്യക്തിപരമായി മനസ്സിലാക്കി പരിശീലനം കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഓരോ രക്ഷിതാവിനും അവനവന്റെ കുട്ടികളെ പഠനത്തിൽ സഹായിക്കാൻ പ്രാപ്തരാക്കും വിധം പാഠഭാഗത്തെ ആസ്പദമാക്കി സവർണമായി ക്ലാസ്സുകൾ നയിക്കാൻ ശേഷിയുള്ള വിദഗ്ധരാണ് ക്ലാസ്സ് നടത്തുന്നത് / നടത്താനായി എത്തുന്നത്.

| | | |
|---|---|---|
| അറബി ഭാഷാ ഭംഗി വർധിപ്പിക്കുക കാലിഗ്രഫി നിർമാണം പദസമ്പത്ത്, നിഘണ്ടു. | അറബിക് കാലിഗ്രഫി ചെയ്യൽ. പുസ്തക രചന. പദങ്ങൾ പരിചയപ്പെടുന്നു. പദപ്രശ്ന, പദക്കളി പരിചയപ്പെടുന്നു. | സെപ്റ്റംബർ - മാർച്ച്. ICT, Teacher. |
| വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള അവബോധം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമാണം, പ്രസംഗം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് - |
| കുട്ടികൾ വായനാ തൽപരരാക്കുക. | ഓരോ ആഴ്ചയും ക്ലാസിൽ വിജ്ഞാനപ്രദമായ അക്ഷരകാർഡുകൾ ചാർട്ടുകൾ, സന്ദേശങ്ങൾ എന്നിവയിലൂടെ വായനാ ശീലം വളർത്താൻ സഹായിക്കുന്നു. | ജൂൺ - മാർച്ച്. (ചാർട്ട്, ബുക്ക്) |
| അറബി ഭാഷയിൽ ചിത്രരചന മേഖലയിൽ കുട്ടികൾക്ക് അവബോധം ഉണ്ടാക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ പോസ്റ്റർ നിർമിക്കുന്ന നിർബന്ധമായ കാര്യങ്ങൾ പറഞ്ഞുകൊടുക്കു. ഭാഷാശേഷി വർധിപ്പിക്കാനാവശ്യമായ ഗെയിമുകൾ പരിചയപ്പെടുത്തുന്നു. | ഒക്ടോബർ - മാർച്ച്. ICT. |

English Club - UP.

| No | Area | Activities | Duration |
|---|---|---|---|
| 1. | Reading | Card Reading Competition. (Simple poems & Stories) | July. August |
| 2. | Reading, Speaking, Writing. | Preparing News report about the programmes conducted in School. | September October |
| 3. | Speaking | Talk on a topic / Debate | November December |
| 4. | Speaking, Reading, Writing. | Documentary / Short film, Reels, based on texual activies. | January, February. |

# Academic Master Plan - English.

Subject : English.
Class : U.P. (5-7)
Year : 2025-26.

## Introduction

All the learners have to participali in the learning activities. Learning process should aim at the all-round development of the learners. They might have some loss of basic skills. There may be learning gap and so many challenges among students regarding to listening, Speaking, Reading and Writing skils. The following are some activities to develop these skills and overcome the challenges.

## Objectives

- To include all students in English language learning process.

SANSKRIT

# അക്കാദമിക് മാസ്റ്റർ പ്ലാൻ (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം. |
|---|---|---|---|---|
| 1 എല്ലാകുട്ടികളെയും എഴുതാനും, വായിക്കാനും പ്രാപ്തരാക്കുക. | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, വീഡിയോ, ചിത്രങ്ങൾ, കാർഡുകൾ etc | |
| (2) അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുന്നു. | അക്ഷര കാർഡുകൾ, പതിപ്പുകൾ എന്നിവ നൽകുന്നു. | | | |
| (3) കാണുന്ന വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പറയുന്നു. | ചോദ്യോത്തര പയറ്റ്, നിഘണ്ടു നിർമ്മാണം etc. | | | |
| ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഉപയോഗപ്പെടുത്തുന്നു | കഥകൾ കവിതകൾ എന്നിവ കേൾപ്പിക്കുക. | | | |

| | | | | |
|---|---|---|---|---|
| ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ സയൻസ് ക്ലബ് |
| | ശാസ്ത്രോത്സവം<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |

ശാസ്ത്ര ലൈബ്രറി

## സമയത്തിനൊപ്പം:

- ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയം പറയാൻ പരിചയപ്പെടുത്തുന്നു.
- മിനിറ്റ്, സെക്കന്റ് സൂചികൾ മനസ്സിലാക്കുന്നു
- മിനിറ്റിനെ സെക്കന്റുമായും മണിക്കൂറുമായുള്ള ബന്ധം വിശദീകരിക്കുന്നു.
- 24 മണിക്കൂർ ക്ലോക്കിൽ സമയം പരിചയപ്പെടുത്തുന്നു
- 12 മണിക്ക് ശേഷമുള്ള മണിക്കൂറുകൾ 24 മണിക്കൂർ ക്ലോക്കുമായി ബന്ധപ്പെടുത്താൻ പറഞ്ഞുകൊടുക്കുന്നു.
- സമയത്തെ a.m, p.m. എന്നിവ ഉപയോഗിച്ച് പറയുന്നു.
- സമയം ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സമയ ദൈർഘ്യം കണ്ടെത്തുന്നു.

## 6ാം ക്ലാസ്സ്: കോണുകൾ

- കോണുകൾ അളക്കാൻ പരിചയപ്പെടുത്തുന്നു
- വൃത്തത്തിലെ കോണളവ് 360° ആണെന്നും, വ്യത്യസ്ത വൃത്ത ചിത്രങ്ങൾ വരയ്ക്കാനും പരിചയപ്പെടുത്തുന്നു.
- ഒരു വൃത്തത്തെ വിഭജിക്കാൻ പരിചയപ്പെടുന്നു
- കോൺ അളക്കാനുള്ള യൂണിറ്റ് ഡിഗ്രി ആണെന്നും നിശ്ചിത അളവിൽ കോൺ വരയ്ക്കാനും പഠിക്കുന്നു
- മട്ടത്തിലെ കോണുകൾ 90°, 45°, 60°, 30° എന്നിവ പരിചയപ്പെടുത്തുന്നു.

വ്യാപ്തം: • ഒരു ചതുരക്കട്ടയുടെ വ്യാപ്തം കണ്ടെത്തുന്നു.

- വ്യാപ്തം പറയുന്ന ഏകകം ഘന cm / ഘന മീറ്റർ എന്ന് പറയുന്നു.
- 1000000 ഘന cm = 1 ഘന മീറ്റർ
- 1000 ഘന മീറ്റർ = 1 ലിറ്റർ എന്നിവ പരിചയപ്പെടുന്നു
- ഉള്ളളവ് എന്ന ആശയം രൂപീകരിക്കുന്നു

മാസ്റ്റർ പ്ലാൻ - അറബിക് - A.U.P.S Malamakkavu.
2025-26.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| ഭാഷാ ശേഷികൾ നേടിയെടുക്കാൻ അറബി ഭാഷ കേൾക്കാനും പ്രകടിപ്പിക്കാനും അവസരം ഉണ്ടാക്കുക. | നിറങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, വീട്ടുപകരണങ്ങൾ, സ്കൂൾ അനുബന്ധ കാര്യങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ, പാട്ടുകൾ, വീഡിയോകൾ എന്നിവ കാണാനും ശ്രവിക്കാനും പ്രകടിപ്പിക്കാനുമുള്ള അവസരം ഉണ്ടാക്കുന്നു. | ജൂൺ - ആഗസ്റ്റ് | ലാപ്ടോപ്, സ്മാർട്ട് ക്ലാസ് റൂം. |
| വായന, എഴുത്ത് പരിപോഷിപ്പിക്കുക. | വായനാ കാർഡുകളും വർക്ക്ഷീറ്റുകളും ഡിജിറ്റൽ രൂപത്തിലും പ്രിന്റ് രൂപത്തിലും കുട്ടികൾക്ക് നൽകുന്നു. വായനയും എഴുത്തും മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു. | ജൂലൈ - ഡിസംബർ. | വായനാ കാർഡുകൾ, വർക്ക്ഷീറ്റുകൾ, പ്രൊജക്ടർ. |
| ആശയ വിനിമയ ശേഷി വർധിപ്പിക്കുക. | ആശയ വിനിമയത്തിന് ഏറ്റവും അനിവാര്യമായ വ്യത്യസ്ത സാഹചര്യങ്ങൾക്കനുസരിച്ചുള്ള كلمات التهذيبية ادوات الاستفهامية പരിചയപ്പെടുത്തുകയും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട അറബിക് സംഭാഷണങ്ങൾ, വീഡിയോകൾ പ്രദർശിപ്പിക്കുകയും കുട്ടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു. | സെപ്തംബർ - ~~[illegible]~~ മാർച്ച് | Teacher. P.T.A B.R.C ICT |
| കുട്ടികളുടെ സർഗാത്മക ശേഷി വർധിപ്പിക്കുക | അറബി ഗാനം, പദ്യം, പ്രസംഗം, കഥ പറയൽ തുടങ്ങി കുട്ടികളിൽ ആവശ്യമായ വേദികളിൽ പിന്തുണ നൽകി അവതരിപ്പിക്കുന്നു. | ആഗസ്റ്റ് - ഡിസംബർ. | Teacher, ICT. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം. | മലയാളം അധ്യാപക |
| | <u>ഭാഷാ കേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം. | ,, |
| | <u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം. | ,, |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | <u>വാർത്താലോകത്തേക്ക്</u>:<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><u>വാർത്താ വായന</u><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | എല്ലാദിവസവും. | ,, |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | • പരിസ്ഥിതി തകർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 8) സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു. | • സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രധാനപ്പെട്ട ദിനാചരണങ്ങൾ ആചരിക്കുന്നു. ക്വിസ്, പോസ്റ്റർ നിർമ്മാണം, പസിലുകൾ, പ്രസംഗ മത്സരം, ഉപന്യാസ മത്സരം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച്. | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 9) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | • NSS, മറ്റു പല പൊതുപരീക്ഷകൾ എന്നിവ എഴുതാൻ പ്രാപ്തി നേടും വിധം പ്രവർത്തനങ്ങൾ നൽകുന്നു.<br>• പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകളിൽ സംഘടിപ്പിക്കുന്നു. | ജനുവരി, ഫെബ്രുവരി, മാർച്ച്. | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## 7ാം ക്ലാസ് : സമാന്തര വരകൾ

- സമാന്തര വരകൾ നിശ്ചിത അകലത്തിൽ വരയ്ക്കൽ
- മട്ടം ഉപയോഗിച്ച് സമാന്തര വരകൾ വരയ്ക്കുന്നതിന്
- ഒരു വരയുടെ ലംബത്തിന്റെ ലംബം സമാന്തരവരകൾ ആയിരിക്കും.
- കൃത്യമായ അളവിൽ സാമാന്തരികം വരയ്ക്കുന്നു.
- ഒരു ത്രികോണത്തിലെ മൂന്നു കോണുകളുടെ തുക 180° ആണെന്ന് തെളിയിക്കുന്നു.

ത്രികോണ നിർമിതി.

- തന്നിട്ടുള്ള 3 വശങ്ങൾ ഉപയോഗിച്ച് ത്രികോണം വരയ്ക്കുന്നു.
- ഒരു വശവും 2 കോണുകളും ഉപയോഗിച്ച് ത്രികോണം വരയ്ക്കുന്നു.
- സമഭുജ ത്രികോണം പരിചയപ്പെടുത്തുന്നു.
- ഏതൊരു അളവ് തന്നിരുന്നാൽ ത്രികോണം വരയ്ക്കൽ സാധ്യമാണോ എന്ന് കണ്ടെത്തുന്നു.

ദശാംശ രീതികൾ:

- ദശാംശ രൂപത്തിലുള്ള സംഖ്യകളെ സ്ഥാനവിലകളിലൂടെ വ്യാഖ്യാനിക്കാൻ പരിചയപ്പെടുത്തുന്നു.
- ഭിന്ന സംഖ്യയെ ദശാംശ രൂപത്തിൽ എഴുതുന്ന രീതി പരിചയപ്പെടുത്തുന്നു.
- ദശാംശ സംഖ്യകളുടെ ഗുണനവും ഹരണവും പരിചയപ്പെടുത്തുന്നു.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് നേടുന്നു.

# MATHS - MASTER PLAN

## ലക്ഷ്യങ്ങൾ:

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു
- ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കാനുള്ള ശ്രമം.
- ഗണിതം മധുരമാക്കാനുള്ള ശ്രമം.
- ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതിയും അവ വരയ്ക്കാനുള്ള ശേഷിയും വർദ്ധിപ്പിക്കുന്നു.
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹാര ശേഷി ഉള്ളവരാക്കി മാറ്റാനുള്ള ശ്രമം നടത്തുന്നു.
- എല്ലാ വിഭാഗത്തിലുമുള്ള കുട്ടികളെയും പരിഗണിച്ച് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

## STD - V

- 4 വശങ്ങളുള്ള രൂപങ്ങളിൽ കുത്തനെയുള്ള വരകൾ, ചരിഞ്ഞ വരകൾ എന്നിവ പരിചയപ്പെടൽ
- ചതുരം, സമചതുരം എന്നീ ബഹുഭുജങ്ങളെ പരിചയപ്പെടൽ
- മട്ടം ഉപയോഗിച്ച് ചരിഞ്ഞ ചതുരങ്ങൾ വരയ്ക്കാൻ പരിചയപ്പെടുത്തുന്നു.
- വൃത്തം വരയ്ക്കാനും, വൃത്ത കേന്ദ്രം, ആരം, വ്യാസം എന്നിവ പരിചയപ്പെടുത്തുന്നു.
- വൃത്തം ഉപയോഗിച്ചുള്ള ജ്യാമെട്രിക്കൽ ചാർട്ട് വരയ്ക്കാൻ പരിചയപ്പെടുത്തുന്നു.

## ആമുഖം

ഭാഷകളുടെ സംഗമ ഭൂമിയായ ഇന്ത്യയിൽ ജനിക്കുകയും വളരുകയും ലോകത്താകമാനം വ്യാപിക്കുകയും ചെയ്ത മനോഹര ഭാഷയാണ് ഉറുദു. ഖഡിബോലി എന്ന പുരാതന ഭാഷയിൽ നിന്നാണ് ഉറുദുവും പിറവി കൊണ്ടുന്നത്. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാര കൂടിയാണിത്. സ്വാതന്ത്ര്യ സമര ഭൂമികയിൽ നിസ്തുല്യമായ സ്ഥാനം വഹിച്ച ഉറുദു, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സഹാനുഭൂതിയുടെയും ഗാനമാണ് എന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നത്. 2025-2026 വർഷത്തിൽ മലമക്കാവ് യുപി സ്കൂളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക - ഭൗതിക - സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ നൽകുന്നു.

### പൊതുലക്ഷ്യങ്ങൾ :-

* ഉറുദു ഭാഷാപഠനം ലളിതവും രസകരവും ആസ്വാദ്യരവുമായി കുട്ടികൾക്ക് സാധ്യമാക്കുക.
* ഉറുദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം സൃഷ്ടിക്കുക
* ഉറുദു പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക
* ഏഴാം തരം പൂർത്തിയാകുമ്പോഴേക്കും അത്യാവശ്യം രചനാത്മക കഴിവ് വികസിപ്പിച്ചെടുക്കുക.
* ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ, നേടിയെടുക്കൽ. | • സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പസിലുകൾ നൽകുന്നു<br>• അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ)<br>അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | • ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | • സ്കൂൾ തെരഞ്ഞെടുപ്പ് പ്രക്രിയ<br>• ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | ജൂൺ<br>അക്കാദമിക വർഷാരംഭം (ജൂലൈ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| 4 | ബസ്മേ ഇല്ലേ (ഉർദു ക്യാമ്പ്) | കുട്ടികളുടെ രചനാത്മകമായ കഴിവുകൾ വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും കഥ, കവിത, ഉപന്യാസ രചനകൾ സംഘടിപ്പിക്കുക. ഉറുദു സാഹിത്യകാരന്മാരുടെ കൃതികൾ സമാഹരിക്കുക | വർഷത്തിൽ 2 തവണ | ഉർദു ക്ലബ്ബ് | 6000/- | H.M സബ്ജക്ട് കൗൺസിൽ |
| 5 | ഉർദുദിനം | ടാലന്റ് മീറ്റ്, അക്ഷരമരം, ഭാഷാ സെമിനാർ, പ്രിന്റ് പതിപ്പ് | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 3000/- | H.M സബ്ജക്ട് കൗൺസിൽ |
| 6 | വായനാ ആസ്വാദനം | കുട്ടിവായന, അമ്മയും കുഞ്ഞും വായന, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ് | ഒരു വർഷം | ഉർദു ക്ലബ്ബ് | 500/- | H.M സബ്ജക്ട് കൗൺസിൽ |
| 7 | തലാശ് | പ്രാദേശിക പഠന യാത്രകൾ, പോസ്റ്റ് ഓഫീസ് സന്ദർശനം. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 3000/- | സബ്ജക്ട് കൗൺസിൽ |
| 8 | ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുക | ഒന്ന് | ഉർദു ക്ലബ്ബ് | 1500/- | സബ്ജക്ട് കൗൺസിൽ |
| 9 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുക | ഒന്ന് | ഉർദു ക്ലബ്ബ് | 1000/- | സബ്ജക്ട് കൗൺസിൽ |
| 10 | ഖത്ത് ലിഖ്നാ (കയ്യെഴുത്ത്) | കത്ത് എഴുതാനും, അപേക്ഷ, ന്യൂസ്, ക്ഷണപത്രം പരിചയപ്പെടാനും ഉള്ള കഴിവ് കൈവരിക്കുക | ഒന്ന് | ഉർദു ക്ലബ്ബ് | 100/- | സബ്ജക്ട് കൗൺസിൽ |